# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 16, വ്യാഴാഴ്ച

**നമ്പർ 109**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഒരെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ 15/03/2023-ന് ബഹു. സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. തദ്ദവസരത്തിൽ രാവിലെ 8 മണിക്ക് ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തെ സംബന്ധിച്ച് സ്പീക്കർ പരാമർശം നടത്തി. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് ചോദ്യോത്തരവേള റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ ചെമ്മീൻ പീലിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കേണ്ടതിന്റെയും ആരോഗ്യകരമായ തൊഴിൽ സാഹചര്യം സൃഷ്ടിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. എച്ച്. സലാം നോട്ടീസ് നൽകിയിരുന്ന ശ്രദ്ധ ക്ഷണിക്കലിനുള്ള മറുപടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സണ്ണി ജോസഫ് | ആറളം ഫാമിലെ തൊഴിലാളികളുടെ വേതനം | പട്ടികജാതി,പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ഡി. പ്രസേനൻ | പാലക്കാട്ടെ നെല്ല് സംഭരണ നടപടികൾ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. യു. ജനീഷ് കുമാർ | ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ ഈറ്റ സംഭരണം പുനഃരാരംഭിക്കൽ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ഡോ. എൻ. ജയരാജ് | കുന്നുംഭാഗം ഗവ. ഹൈസ്കൂൾ സ്പോർട്സ് സ്കൂൾ ആക്കിമാറ്റുന്നതിന് നടപടി | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. കെ. രാമചന്ദ്രൻ | ദേശീയപാതയിലെ ടോൾ പ്ലാസകൾ | പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി |
| 6 | ശ്രീ. ഐ. ബി. സതീഷ് | ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി | പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി |
| 7 | ശ്രീ. റോജി എം. ജോൺ | വിനോദയാത്രയ്ക്കിടയിൽ സ്കൂൾ വിദ്യാർത്ഥികൾ അപകടത്തിൽപ്പെട്ട സംഭവം | പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂർ ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ വിഭാഗം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

i) ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയൊന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ii) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ ഒൻപതാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ധനകാര്യം :

## 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

എക്സൈസ് എന്ന VIII- ാം നമ്പർ ധനാഭ്യർത്ഥന, നഗരവികസനം എന്ന XXII- ാം നമ്പർ ധനാഭ്യർത്ഥന, പഞ്ചായത്ത് എന്ന XXXV- ാം നമ്പർ ധനാഭ്യർത്ഥന, ഗ്രാമവികസനം എന്ന XXXVI- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

VIII - ാം നമ്പർ ധനാഭ്യർത്ഥന, XXII- ാം നമ്പർ ധനാഭ്യർത്ഥന, XXXV- ാം നമ്പർ ധനാഭ്യർത്ഥന, XXXVI- ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ധനാഭ്യർത്ഥനകൾ VIII, XXII, XXXV, XXXVI എന്നിവ ചർച്ച കൂടാതെ സഭ പാസ്സാക്കി.

2023 മാർച്ച് 17- ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.17-ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eighth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, March 16, 2023.*

**No. 109**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

One Question in the list of Questions posted for the day were answered orally.

**[**At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings of the House protesting against the scuffle outside the Hon. Speaker's Chamber on 15-3-2023. At that time, the Speaker made a reference regarding the meeting of the legislature party leaders. Since the proceedings couldn't be carried forward smoothly, the Speaker informed the House that rest of the Question Hour stands cancelled.**]**

*Calling Attention :*

1. Shri. H. Salam called the attention of the Minister for General Education and Labour to the necessity to provide minimum wages and create healthy working atmosphere for shrimp peeling workers in the State, the Minister for General Education and Labour laid on the table a statement.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

*The Matters under Rule 304:*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

KNPP.431/2023(ii)

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സണ്ണി ജോസഫ് | ആറളം ഫാമിലെ തൊഴിലാളികളുടെ വേതനം | പട്ടികജാതി,പട്ടികവർഗ്ഗ,പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ഡി. പ്രസേനൻ | പാലക്കാട്ടെ നെല്ല് സംഭരണ നടപടികൾ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. യു. ജനീഷ് കുമാർ | ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ ഈറ്റ സംഭരണം പുനഃരാരംഭിക്കൽ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ഡോ. എൻ. ജയരാജ് | കുന്നുംഭാഗം ഗവ. ഹൈസ്കൂൾ സ്പോർട്സ് സ്കൂൾ ആക്കിമാറ്റുന്നതിന് നടപടി | തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. കെ. രാമചന്ദ്രൻ | ദേശീയപാതയിലെ ടോൾ പ്ലാസകൾ | പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി |
| 6 | ശ്രീ. ഐ. ബി. സതീഷ് | ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി | പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി |
| 7 | ശ്രീ. റോജി എം. ജോൺ | വിനോദയാത്രയ്ക്കിടയിൽ സ്കൂൾ വിദ്യാർത്ഥികൾ അപകടത്തിൽപ്പെട്ട സംഭവം | പൊതുമരാമത്ത്-വിനോദ സഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂർ ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ വിഭാഗം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

*Presentation of Reports :*

i) The Thirty First to Thirty Fifth Reports of the Local Fund Accounts Committe were presented.

ii) The Ninth Report of the Committee on Private Members' Bills and Resolution was presented.

*Financial Business :*

*<u>Discussion and Voting on Demands for Grants in the Budget for the financial year 2023-24</u>*

Shri. M. B. Rajesh, Minister for Local Self Governments, Rural Development and Excise moved Demand No. VIII – Excise, Demand No. XXII – Urban Development, Demand No. XXXV – Panchayat and Demand No. XXXVI – Rural Development for the amounts shown respectively against them under column No. 5 in the list of Demands for Grants.

Shri. K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos VIII, XXII, XXXV and XXXVI.

The cut motions for Demand Nos VIII, XXII, XXXV and XXXVI were not moved. Then the Demand No. VIII, XXII, XXXV and XXXVI were passed by the House without any discussion.

The House adjourned at 09.17 a.m. to meet again at 09.00 a.m. on Friday, March 17, 2023.

A. M. BASHEER,
*Secretary.*